MALAYALAM

# പ്രാർത്ഥനകൾ
# കീർത്തനങ്ങൾ

Co-operative office for Call & foreigners Guidance at Sult...

he Co-operative Office for Call & foreigners Guidance at Sultanah
...der the supervision of Ministry of Islamic Affairs and Endowment and Propagation and Guidance
...l. 4240077 Fax 4251005 P.O.Box 92675 Riyadh 11663 E-mail : [illegible]

# كتاب الأذكار

أعده وترجمه إلى اللغة المليالم

## شعبة توعية الجاليات في الزلفي

الطبعة الثانية: ١٤٢٢/١ هـ.

ح شعبة توعية الجاليات بالزلفي، ١٤١٨هـ

فهرسة مكتبة الملك فهد الوطنية أثناء النشر

شعبة توعية الجاليات (الزلفي)

كتاب الأذكار- الزلفي

٥٦ ص ؛ ٨ × ١٢ سم

ردمك: ٨-٣٩-٨١٣-٩٩٦٠

(النص باللغة المليالم)

١- الأدعية والأوراد أ. العنوان

ديوي ٢١٢/٩٣ ١٨/١١٤٥

رقم الإيداع: ١٨/١١٤٥

ردمك: ٨-٣٩-٨١٣-٩٩٦٠

الصف والإخراج: شعبة توعية الجاليات في الزلفي

بِسْمِ اللَّهِ الرَّحْمَٰنِ الرَّحِيمِ

## മുഖവുര

സ്തുതിയെല്ലാം ലോകരക്ഷിതാവായ അല്ലാഹുവിനാകുന്നു. അവന്റെ കൃപാകടാക്ഷങ്ങൾ പ്രവാചകനിലും അവിടുത്തെ തിരുകുടുംബത്തിലും അനുയായികളിലും സദാ വർഷിക്കുമാറാകട്ടെ.

നിത്യജീവിതത്തിൽ നാം ഓരോരുത്തരും നടത്തിയിരിക്കേണ്ട പ്രാർത്ഥനകളും അവയുടെ അർത്ഥവുമാണീ കൃതിയിലുള്ളത്. സത്യവിശ്വാസി ഏതൊരു പ്രവൃത്തിയിലും ദൈവപ്രീതി കാംക്ഷിക്കുന്നവനാണ്. കേവലഭൗതികങ്ങളായ കാര്യങ്ങളിൽ പോലും. പ്രാർത്ഥനയില്ലാത്ത പ്രവർത്തനവും പ്രവർത്തനമില്ലാത്ത പ്രാർത്ഥനയും അല്ലാഹു സ്വീകരിക്കുകയില്ല. അല്ലാഹു പറയുന്നു:

قُلْ مَا يَعْبَؤُا بِكُمْ رَبِّي لَوْلَا دُعَاؤُكُمْ

(നബിയേ) പറയുക, നിങ്ങളുടെ പ്രാർത്ഥനയില്ലെങ്കിൽ എന്റെ രക്ഷിതാവ് നിങ്ങൾക്ക് എന്ത്

പരിഗണന നൽകാനാണ്?

പ്രാർത്ഥന ഒരു ആരാധനയാകയാൽ അത് അല്ലാഹുവിനോട് മാത്രമേ ചെയ്യാവൂ. പരിശുദ്ധ ഖുർആനിൽ പറയപ്പെട്ടിട്ടുള്ള മുഴുവൻ പ്രവാചകരുടെയും പ്രാർത്ഥനകൾ നാമൊന്ന് എടുത്ത് പരിശോധിച്ചാൽ അതിലൊന്നിൽപോലും അല്ലാഹു അല്ലാത്തവരോട് ഇല്ല. നബി ﷺ തന്റെ ജീവിതത്തിന്റെ വിവിധങ്ങളായ ഘട്ടങ്ങളിൽ നടത്തിയ പ്രാർത്ഥനകളും അപ്രകാരം തന്നെ. പ്രവാചകന്റേയോ മഹാത്മാക്കളുടെയോ ഹഖ്, ജാഹ് എന്നിവ കൊണ്ടുള്ള പ്രാർത്ഥനയും പ്രവാചകമാതൃകയല്ല.

അല്ലാഹുവിന്റെ പ്രതിഫലം ആഗ്രഹിച്ചു കൊണ്ടും അവന്റെ ശിക്ഷ ഭയന്നുകൊണ്ടും വിവിധ ഘട്ടങ്ങളിൽ അവന്റെ സഹായം തേടിക്കൊണ്ടും വിഷമസന്ധികളിൽ അവന്റെ രക്ഷ തേടിക്കൊണ്ടും സന്തോഷത്തിന്റെ അവസരത്തിൽ അവന് നന്ദി പ്രകടിപ്പിച്ചു കൊണ്ടുമെല്ലാം മനുഷ്യൻ തന്റെ കൈകളെ അല്ലാഹുവിലേക്ക് ഉയർത്തുന്നു. ഈ കൈകൾക്കൊപ്പം നിഷ്കളങ്കമായ മനസ്സും അല്ലാഹുവിലേക്ക് ഉയരുമ്പോൾ

മാത്രമേ ആ പ്രാർത്ഥന സഫലമാകുകയുള്ളൂ. അല്ലാഹുവിന്റെ പ്രതിഫലത്തെ കുറിച്ചുള്ള പ്രതീക്ഷ എപ്പോഴും ഉണ്ടായിരിക്കണം.

ദൈവകീർത്തനങ്ങളാൽ നിന്റെ നാവ് എപ്പോഴും ആർദ്രമായിരിക്കണമെന്നാണ് നബി ﷺയുടെ കൽപന. എന്നാൽ ദിക്ർ എന്ന് കേൾക്കുമ്പോൾ തന്നെ അർത്ഥം അറിയാത്ത ചില ശബ്ദങ്ങൾ പ്രത്യേക രീതിയിൽ ഉരുവിടുന്നതാണ് എന്ന ഒരു ധാരണ നമ്മിൽ പരന്നിട്ടുണ്ട്. പൗരോഹിത്യം അടിച്ചേൽപിച്ച ഈ തെറ്റിൽ നിന്നും മോചിതനായി, അല്ലാഹുവിന്റെ റസൂൽ ﷺ നമുക്ക് പഠിപ്പിച്ചു തന്ന അർത്ഥവത്തും ചൈതന്യവത്തുമായ ദിക്റുകൾ നാം പാഠമാക്കുക. ദിക്റുകളും ദുആകളും ഒരുതരം ലഹരിയല്ല. മനസ്സിനും ആത്മാവിനും നവജീവൻ നൽകുന്ന സിദ്ധൗഷധമാണ്.

നിഷിദ്ധമായ ഭക്ഷണം, വസ്ത്രം, സമ്പാദ്യം എന്നിവ പ്രാർത്ഥനക്ക് ഉത്തരം കിട്ടുന്നതിനു തടസ്സമാകും എന്ന് നബി ﷺ അരുളിയിട്ടുണ്ട്. സ്വന്തം ശരീരം, മക്കൾ, സമ്പത്ത് എന്നിവക്കെതിരെ പ്രാർത്ഥിക്കാൻ പാടില്ല.

മർദ്ദിതൻ, യാത്രക്കാരൻ എന്നിവരുടെ പ്രാർത്ഥന, ഒരാൾ തന്റെ സഹോദരന്റെ അസാന്നിധ്യത്തിൽ നടത്തുന്ന പ്രാർത്ഥന എന്നിവ ഉത്തരം ലഭിക്കുന്നവയാണ്. രാത്രിയുടെ അന്ത്യയാമങ്ങൾ, സുജൂദ്, നോമ്പ്തുറക്കുമ്പോൾ, നിർബന്ധ നമസ്കാരത്തിനു ശേഷം, ഖുർആൻ പാരായണത്തിനു ശേഷം, ബാങ്കിനും ഇഖാമത്തിനും ഇടയിൽ, വെള്ളിയാഴ്ച ഒരു പ്രത്യേക സമയം എന്നിവ പ്രാർത്ഥനക്ക് പ്രത്യേകം ഉത്തരംലഭിക്കുന്ന സമയങ്ങളിൽ പെട്ടതാകുന്നു. വെള്ളിയാഴ്ചയിലെ ഈ സമയം അസ്വ്റിനുശേഷം സൂര്യൻ അസ്തമിക്കുന്നതു വരെയാണെന്നാണ് പ്രബലമായ അഭിപ്രായം.

ദിക്റുകളും ദുആകളും ചെയ്യുന്നതിൽ നബി ﷺ യുടെ മാതൃക നാം പിൻപറ്റണം. അതിനായി പ്രത്യേകം മാലയോ യന്ത്രമോ നബി ﷺ ഉപയോഗിച്ചിരുന്നില്ല. പ്രത്യേകം ഹൽഖകളും സംഘടിപ്പിച്ചിട്ടില്ല. നബി ﷺ വലതു കൈകൊണ്ട് തസ്ബീഹ് എണ്ണം പിടിച്ചിരുന്നുവെന്ന് ഹദീഥിൽ വന്നിട്ടുണ്ട്. പ്രാർത്ഥനയുടെ അവസാനത്തിൽ മുഖം തടവുന്നതിൽ സ്ഥിരപ്പെട്ട ഒരു ഹദീഥും വന്നിട്ടില്ല.

## പ്രഭാതത്തിൽ:

ഈ പ്രാർത്ഥനകൾ സുബ്ഹ്, അസ്വർ എന്നീ നമസ്കാരങ്ങൾക്കു ശേഷം ചൊല്ലുക.

ഖുൽഹുവല്ലാഹു അഹദ്, ഖുൽ അഊദു ബിറബ്ബിൽ ഫലഖ്, ഖുൽ അഊദു ബിറബ്ബിന്നാസ് എന്നിവ മൂന്നുപ്രാവശ്യം വീതം ചൊല്ലുക.

لَا إِلَهَ إِلَّا اللَّهُ وَحْدَهُ لَا شَرِيكَ لَهُ، لَهُ الْمُلْكُ وَلَهُ الْحَمْدُ وَهُوَ عَلَى كُلِّ شَيْءٍ قَدِيرٌ

ആരാധനക്കർഹനായി യാതൊന്നുമില്ല, അല്ലാഹു ഒഴികെ. അവൻ ഏകനും പങ്കുകാരില്ലാത്തവനുമാകുന്നു. രാജാധിപത്യവും സ്തുതിയും അവനുള്ളതാകുന്നു. അവൻ എല്ലാ കാര്യത്തിനും കഴിവുള്ളവനാകുന്നു.

سُبْحَانَ اللَّهِ وَبِحَمْدِهِ

(ഒന്നോ,പത്തോ,നൂറോപ്രാവശ്യം)

അല്ലാഹുവിനെ സ്തുതിക്കുന്നതോടൊപ്പം അവന്റെ പരിശുദ്ധിയെ വാഴ്ത്തുന്നു.

بِسْمِ اللَّهِ الَّذِي لاَ يَضُرُّ مَعَ اسْمِهِ شَيْءٌ فِي الأَرْضِ وَلاَ فِي السَّمَاءِ وَهُوَ السَّمِيعُ الْعَلِيمُ.

(മൂന്നുപ്രാവശ്യം)

തന്റെ നാമം കൊണ്ടായാൽ ആകാശത്തിലോ ഭൂമിയിലോ യാതൊരു ഉപദ്രവവും ഏൽക്കാത്തവനായ അല്ലാഹുവിന്റെ നാമത്തിൽ (ഞാൻ തുടങ്ങുന്നു). അവൻ എല്ലാം കേൾക്കുന്നവനും അറിയുന്നവനുമാണ്.

أَعُوذُ بِكَلِمَاتِ اللَّهِ التَّامَّاتِ مِنْ شَرِّ مَا خَلَقَ

(മൂന്നുപ്രാവശ്യം)

അല്ലാഹുവിന്റെ ഉത്തമമായ വചനങ്ങളെ കൊണ്ട് അവൻ സൃഷ്ടിച്ചിട്ടുള്ളവയുടെ കെടുതിയിൽനിന്ന് ഞാൻ ശരണംതേടുന്നു.

رَضِيتُ بِاللَّهِ رَبًّا وَبِالإِسْلاَمِ دِينًا وَبِمُحَمَّدٍ ﷺ نَبِيًّا وَرَسُولاً

(മൂന്നുപ്രാവശ്യം)

അല്ലാഹുവിനെ നാഥനായും ഇസ്‌ലാമിനെ മതമായും മുഹമ്മദ് ﷺ യെ പ്രവാചകനും ദൂതനുമായി ഞാൻ തൃപ്തിപ്പെട്ടിരിക്കുന്നു.

حَسْبِيَ اللَّهُ لَا إِلَهَ إِلَّا هُوَ عَلَيْهِ تَوَكَّلْتُ وَهُوَ رَبُّ الْعَرْشِ الْعَظِيمِ
(ഏഴു പ്രാവശ്യം)

എനിക്ക് അല്ലാഹു മതി, അവനല്ലാതെ ഒരാരാധ്യനില്ല, അവനിൽ ഞാൻ ഭരമേൽപിച്ചിരിക്കുന്നു. അവൻ മഹത്തായ സിംഹാസനത്തിന്റെ നാഥനാകുന്നു.

أَصْبَحْنَا عَلَى فِطْرَةِ الإِسْلَامِ ، وَعَلَى كَلِمَةِ الإِخْلَاصِ ، وَعَلَى دِينِ نَبِيِّنَا مُحَمَّدٍ ﷺ، وَعَلَى مِلَّةِ أَبِينَا إِبْرَاهِيمَ حَنِيفًا مُسْلِمًا، وَمَا كَانَ مِنَ الْمُشْرِكِينَ؛

ഇസ്ലാമിന്റെ ശുദ്ധപ്രകൃതിയിലും, നിഷ്കളങ്കമായ വചനത്തിലും, നമ്മുടെ പ്രവാചകൻ മുഹമ്മദ് ﷺ യുടെ മതത്തിലും, നമ്മുടെ പിതാവ് ഇബ്റാഹീമിന്റെ മാർഗ്ഗത്തിൽ നിഷ്കളങ്കനും കീഴ്പെട്ടവനുമായിക്കൊണ്ട് ഞാൻ പ്രഭാതത്തിലേക്ക് പ്രവേശിച്ചിരിക്കുന്നു. അദ്ദേഹം ബഹുദൈവ വിശ്വാസിയായിരുന്നില്ല.

*അടിവരയിട്ട ഭാഗത്ത് പ്രദോഷത്തിൽ أمسينا എന്ന് ചൊല്ലുക.*

**أصبحنا وأصبح الملك لله، والحمد لله، لا إله إلا
الله وحده لا شريك له، له الملك وله الحمد وهو
على كل شيء قدير. رب أسألك خير ما في هذا
اليوم وخير ما بعده وأعوذ بك من شر هذا
اليوم وشر ما بعده رب أعوذ بك من الكسل
وسوء الكبر رب أعوذ بك من عذاب في النار
وعذاب في القبر.**

ഞങ്ങൾ പ്രഭാതത്തിലേക്കു പ്രവേശിച്ചിരിക്കുന്നു. പ്രഭാതത്തിന്റെ ആധിപത്യം അല്ലാഹുവിനാകുന്നു. അവനാകുന്നു സർവ്വസ്തുതിയും. അവനല്ലാതെ ആരാധനക്കർഹനായി ആരുമില്ല. അവൻ ഏകനും പങ്കുകാരില്ലാത്തവനുമാണ്. ആധിപത്യവും സ്തുതിയും അവനാണ്. അവൻ സർവ്വ കാര്യങ്ങൾക്കും കഴിവുറ്റവനാണ്. നാഥാ, ഈ പകലിലെയും അതിനു ശേഷമുള്ളതിലെയും നന്മകളെ ഞാൻ നിന്നോടു

ചോദിക്കുന്നു. ഈ പകലിലെയും അതിനു ശേഷമുള്ളതിലെയും തിന്മകളെത്തൊട്ട് ഞാൻ നിന്നോട് ശരണം തേടുകയും ചെയ്യുന്നു. നാഥാ, അലസതയിൽ നിന്നും മോശമായ വാർദ്ധക്യത്തിൽ നിന്നും നിന്നോട് ഞാൻ ശരണം തേടുന്നു. നാഥാ, നരകത്തിലെയും ഖബ്റിലെയും ശിക്ഷകളിൽ നിന്നും ഞാൻ നിന്നോട് ശരണം തേടുന്നു

اللَّهُمَّ بِكَ أَصْبَحْنَا وَبِكَ أَمْسَيْنَا وَبِكَ نَحْيَا وَبِكَ
نَمُوتُ وَإِلَيْكَ النُّشُورُ.

നാഥാ, നിന്റെ സഹായത്താൽ ഞങ്ങൾ പുലർന്നിരിക്കുന്നു. നിന്റെസഹായം കൊണ്ട് ഞങ്ങൾ അസ്തമയത്തിലേക്ക് അടുക്കുന്നു. നീ മുഖേന ഞങ്ങൾ ജീവിക്കുന്നു. നീ മുഖേന ഞങ്ങൾ മരിക്കുന്നു. നിന്നിലേക്കു തന്നെ ഞങ്ങളുടെ മടക്കവും.

اللَّهُمَّ إِنِّي أَصْبَحْتُ أُشْهِدُكَ، وَأُشْهِدُ حَمَلَةَ
عَرْشِكَ، وَمَلَائِكَتَكَ، وَجَمِيعَ خَلْقِكَ، بِأَنَّكَ أَنْتَ
اللَّهُ لَا إِلَهَ إِلَّا أَنْتَ وَحْدَكَ لَا شَرِيكَ لَكَ وَأَنَّ

مُحَمَّدًا عَبْدُكَ وَرَسُولُكَ،

അല്ലാഹുവേ, ഞാൻ പ്രഭാതത്തിലായിരിക്കുന്നു, നിന്നെ ഞാൻ സാക്ഷിയാക്കുന്നു, നിന്റെ സിംഹാസന വാഹകരെയും മലക്കുകളെയും നിന്റെ മുഴുവൻ സൃഷ്ടികളെയും ഞാൻ സാക്ഷിയാക്കി (പറയുന്നു); നീയാണ് യഥാർത്ഥ ദൈവം. നീയല്ലാതെ ആരാധ്യനില്ല. നീ ഏകനും പങ്കുകാരില്ലാത്തവനുമാകുന്നു. മുഹമ്മദ് ﷺ നിന്റെ ദാസനും ദൂതനുമാകുന്നു.

വൈകുന്നേരം ചൊല്ലുമ്പോൾ أَصْبَحْتُ എന്നതിനു പകരം أَمْسَيْتُ എന്ന് ചൊല്ലുക.

اللَّهُمَّ مَا أَصْبَحَ بِي مِنْ نِعْمَةٍ، أَوْ بِأَحَدٍ مِنْ
خَلْقِكَ فَمِنْكَ وَحْدَكَ لَا شَرِيكَ لَكَ، فَلَكَ الْحَمْدُ
وَلَكَ الشُّكْرُ،

അല്ലാഹുവേ, ഈ പ്രഭാതത്തിൽ എനിക്കോ നിന്റെ ഏതെങ്കിലും സൃഷ്ടികൾക്കോ ലഭിച്ചിട്ടുള്ള അനുഗ്രഹം നിന്നിൽ നിന്നു മാത്രമാകുന്നു, നിനക്കു പങ്കുകാരില്ല, നിനക്കാണ് സർവ്വസ്തുതിയും കൃതജ്ഞതയും.

വൈകുന്നേരം ചൊല്ലുമ്പോൾ أَصْبَحْ എന്നതി ന്നു പകരം أَمْسَيْ എന്ന് ചൊല്ലുക.

يَا حَيُّ يَا قَيُّومُ بِكَ أَسْتَغِيثُ، فَأَصْلِحْ لِي شَأْنِي،
وَلَا تَكِلْنِي إِلَى نَفْسِي طَرْفَةَ عَيْنٍ،

എല്ലാം പരിപാലിക്കുന്നവനും എന്നെന്നും ജീവിച്ചിരിക്കുന്നവനുമായവനേ, നിന്നോട് ഞാൻ സഹായം തേടുന്നു, എന്റെ എല്ലാ കാര്യങ്ങളും നീ നന്നാക്കേണമേ, ഒരു കണ്ണിമ വെട്ടുന്ന സമയത്തേക്കെങ്കിലും എന്റെ കാര്യങ്ങൾ എന്നെ നീ ഏൽപിക്കരുതേ.

اللَّهُمَّ عَافِنِي فِي بَدَنِي، اللَّهُمَّ عَافِنِي فِي
سَمْعِي، اللَّهُمَّ عَافِنِي فِي بَصَرِي، لَا إِلَهَ إِلَّا أَنْتَ،

(മൂന്നുപ്രാവശ്യം)

അല്ലാഹുവേ, എന്റെ ശരീരത്തിലും കേൾവിയിലും കാഴ്ചയിലും എനിക്കു നീ സുഖം നൽകേണമേ, നീയല്ലാതെ ഒരാരാധ്യനുമില്ല.

اللَّهُمَّ إِنِّي أَعُوذُ بِكَ مِنَ الْكُفْرِ وَالْفَقْرِ، وَأَعُوذُ
بِكَ مِنْ عَذَابِ الْقَبْرِ، لَا إِلَهَ إِلَّا أَنْتَ،

(മൂന്നുപ്രാവശ്യം)

അല്ലാഹുവേ, സത്യനിഷേധത്തിൽ നിന്നും ദാരി ദ്ര്യത്തിൽ നിന്നും നിന്നിൽ ഞാൻ ശരണം തേടു ന്നു. ഖബ്റിലെ ശിക്ഷയിൽ നിന്നും ഞാൻ നി ന്നിൽ കാവൽ തേടുന്നു. നീയല്ലാതെ ഒരാരാധ്യ നുമില്ല.

اَللَّهُمَّ إِنِّي أَسْأَلُكَ الْعَافِيَةَ فِي الدُّنْيَا وَالْآخِرَةِ
اللَّهُمَّ إِنِّي أَسْأَلُكَ الْعَفْوَ وَالْعَافِيَةَ فِي دِينِي
وَدُنْيَايَ وَأَهْلِي وَمَالِي اللَّهُمَّ اسْتُرْ عَوْرَاتِي
وَآمِنْ رَوْعَاتِي اللَّهُمَّ احْفَظْنِي مِنْ بَيْنِ يَدَيَّ
وَمِنْ خَلْفِي وَعَنْ يَمِينِي وَعَنْ شِمَالِي وَمِنْ
فَوْقِي وَأَعُوذُ بِعَظَمَتِكَ أَنْ أُغْتَالَ مِنْ تَحْتِي.

നാഥാ, ഇഹത്തിലും, പരത്തിലും സുഖം പ്രദാനം ചെയ്യേണമേ. നാഥാ എന്റെ കുടുംബത്തിലും സ്വത്തിലും ഇഹപര കാര്യങ്ങളിലും മതപരമായ കാര്യങ്ങളിലും നീ എനിക്ക് ആരോഗ്യവും ഐശ്വ ര്യവും പ്രദാനം ചെയ്യേണമേ. നാഥാ, എന്റെ ന്യൂനതകളെ നീ മറക്കേണമേ, എന്റെ ഭയ ത്തെ മാറ്റി സുരക്ഷ നൽകേണമേ. നാഥാ, എ ന്നെ നീ മുന്നിൽ നിന്നും പിറകിൽ നിന്നും വല ത്തു നിന്നും ഇടത്തു നിന്നും മുകളിൽ നിന്നും

കാക്കണെ. എന്റെ താഴെ നിന്നും ഞാൻ അറിയാതെ പിടികൂട പ്പെടുന്നതിൽ നിന്നും നിന്റെ മഹത്വം കൊണ്ട് ഞാൻ ശരണം തേടുന്നു രക്ഷിതാവേ.

اللّٰهمّ فاطر السّموات والأرض عالم الغيب
والشّهادة ربّ كلّ شيء ومليكه أشهد أن لا
إله إلّا أنت أعوذ بك من شرّ نفسي وشرّ
الشّيطان وشركه وأن أقترف على نفسي سوءً
أو أجرّه إلى مسلم

ആകാശങ്ങളെയും ഭൂമിയെയും സൃഷ്ടിച്ചവനും, എല്ലാവസ്തുക്കളുടെയും നാഥനും, അധികാരിയും, സർവ്വ രഹസ്യ പരസ്യങ്ങൾ അറിയുന്നവനുമായ അല്ലാഹുവേ, നീയല്ലാതെ ആരാധനക്കർഹനായി മറ്റാരുമില്ലെന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു. സ്വന്തം ശരീരത്തിലേക്കോ, ഒരു മുസ്ലി മിലേക്കോ തിന്മയെ വലിച്ചിഴക്കുന്നതിൽ നിന്നും പിശാചിന്റെയും അവന്റെ കൂട്ടുകെട്ടിന്റെയും ശത്രുതയിൽ നിന്നും സ്വശരീരത്തിന്റെ മ്ലേച്ഛതകളിൽ നിന്നും നിന്നോട് ഞാൻ ശരണം തേടുന്നു.

اللهم إني أسألك علما نافعا، ورزقا طيبا
وعملا متقبلا؛

അല്ലാഹുവേ, ഉപകാരപ്രദമായ അറിവും, നല്ല ഭക്ഷണവും, സ്വീകാര്യമായ പ്രവർത്തനവും ഞാൻ നിന്നോട് ചോദിക്കുന്നു.

ശ്രേഷ്ഠമായ പൊറുക്കലിനെതേടൽ:

اللهم أنت ربي، لا إله إلا أنت خلقتني وأنا
عبدك، وأنا على عهدك ووعدك ما
استطعت، أعوذ بك من شر ما صنعت، أبوء
لك بنعمتك علي وأبوء بذنبي فاغفر لي، فإنه
لا يغفر الذنوب إلا أنت.

നാഥാ, നീ എന്റെ രക്ഷിതാവല്ലേ? നീയല്ലാതെ ആരാധനക്കർഹനായി മറ്റാരുമില്ല. നീ എന്നെ നിന്റെ അടിമയായി സൃഷ്ടിച്ചു. നീ എന്നിലേല്പിച്ച ബാധ്യതകളും കരാറുകളും എന്റെ കഴിവിൻപടി നിർവ്വഹിക്കാൻ ഞാൻ ബാധ്യസ്ഥനാണ്. ഞാൻ ചെയ്ത തെറ്റുകളിൽ നിന്നും നിന്നോട് ഞാൻ ശരണം തേടുന്നു. ഞാൻ

ചെയ്തുകൂട്ടുന്ന തിന്മകളെയും നീ എനിക്കു നൽകിയ അനുഗ്രഹങ്ങളെയും ഞാൻ ഏറ്റു സമ്മതിക്കുന്നു. അതിനാൽ നീ എനിക്കു പൊറുത്തു തരേണമേ. നീയല്ലാതെ പാപങ്ങൾ പൊറുക്കാൻ ആരുമില്ല നാഥാ.

## നബിയുടെ മേൽ സ്വലാത്

اللهم صل على محمد وعلى ال محمد كما
صليت على ابراهيم وعلى ال ابراهيم إنك
حميد مجيد، اللهم بارك على محمد وعلى آل
محمد كما باركت على ابراهيم وعلى ال
ابراهيم إنك حميد مجيد،

(പത്തുപ്രാവശ്യം)

അല്ലാഹുവേ, മുഹമ്മദ് നബിക്കും കുടുംബത്തിനും നീ ഗുണം ചെയ്യേണമേ. ഇബ്റാഹീം നബിക്കും കുടുംബത്തിനും ഗുണം ചെയ്തതു പോലെ, നീ സ്തുത്യർഹനും ഉന്നതനുമല്ലോ. അല്ലാഹുവേ, മുഹമ്മദ് നബിക്കും കുടുംബത്തിനും നീ അനുഗ്രഹം ചെയ്യേണമേ. ഇബ്റാഹീം നബിക്കും കുടുംബത്തിനും അനുഗ്രഹം ചെയ്തതു

പോലെ, നീ സ്തുത്യർഹനും ഉന്നതനുമല്ലോ.

പ്രദോഷത്തിൽ:

اللَّهُمَّ بِكَ أَمْسَيْنَا وَبِكَ أَصْبَحْنَا وَبِكَ نَحْيَا وَبِكَ
نَمُوتُ وَإِلَيْكَ الْمَصِيرُ.

നാഥാ, നിന്റെ സഹായത്താൽ ഞങ്ങൾ അസ്തമയത്തിലെത്തിയിരിക്കുന്നു. നിന്റെ സഹായം കൊണ്ട് ഞങ്ങൾ പുലരിയിലേക്ക് അടുക്കുന്നു. നീ മുഖേന ഞങ്ങൾ ജീവിക്കുന്നു. നീ മുഖേന ഞങ്ങൾ മരിക്കുന്നു. നിന്നിലേക്കു തന്നെ ഞങ്ങളുടെ മടക്കവും.

أَمْسَيْنَا وَأَمْسَى الْمُلْكُ لِلَّهِ، وَالْحَمْدُ لِلَّهِ، لَا إِلَهَ
إِلَّا اللَّهُ وَحْدَهُ لَا شَرِيكَ لَهُ، لَهُ الْمُلْكُ وَلَهُ الْحَمْدُ
وَهُوَ عَلَى كُلِّ شَيْءٍ قَدِيرٌ. رَبِّ أَسْأَلُكَ خَيْرَ مَا فِي
هَذِهِ اللَّيْلَةِ وَخَيْرَ مَا بَعْدَهَا وَأَعُوذُ بِكَ مِنْ شَرِّ
هَذِهِ اللَّيْلَةِ وَشَرِّ مَا بَعْدَهَا رَبِّ أَعُوذُ بِكَ مِنَ
الْكَسَلِ وَسُوءِ الْكِبَرِ رَبِّ أَعُوذُ بِكَ مِنْ عَذَابٍ
فِي النَّارِ وَعَذَابٍ فِي الْقَبْرِ.

ഞങ്ങൾ അസ്തമയത്തിലേക്കു പ്രവേശിച്ചിരിക്കുന്നു. അസ്തമയത്തിൻെറ ആധിപത്യം അല്ലാഹുവിനാകുന്നു. അവന്നാകുന്നു സർവ്വസ്തുതിയും. അവനല്ലാതെ ആരാധനക്കർഹനായി ആരുമില്ല. അവൻ ഏകനും പങ്കുകാരില്ലാത്തവനുമാണ്. ആധിപത്യവും സ്തുതിയും അവന്നാണ്. അവൻ സർവ്വകാര്യങ്ങൾക്കും കഴിവുറ്റവനാണ്. നാഥാ, ഈ രാത്രിയിലെയും, അതിനു ശേഷമുള്ളതിലെയും നന്മകളെ ഞാൻ നിന്നോടു ചോദിക്കുന്നു. ഈ രാത്രിയിലെയും, അതിനു ശേഷമുള്ളതിലെയും തിന്മകളെത്തൊട്ട് ഞാൻ നിന്നോട് ശരണം തേടുകയും ചെയ്യുന്നു. നാഥാ, അലസതയിൽ നിന്നും മോശമായ വാർദ്ധക്യത്തിൽ നിന്നും നിന്നോട് ഞാൻ ശരണം തേടുന്നു. നാഥാ, നരകത്തിലെയും ഖബ്റിലെയും ശിക്ഷകളിൽ നിന്നും ഞാൻ നിന്നോട് ശരണം തേടുന്നു.

പ്രഭാതത്തിൽ ചൊല്ലിയ എല്ലാം ഇതിൻെറ കൂടെയും ചൊല്ലുക.

പ്രഭാത പ്രദോഷ കീർത്തനങ്ങൾ ഇവിടെ അവസാനിക്കുന്നു. കൂടെ ഇതും ചൊല്ലാം.

سُبْحَانَ اللهِ وَبِحَمْدِهِ عَدَدَ خَلْقِهِ وَرِضَا نَفْسِهِ
وَزِنَةَ عَرْشِهِ وَمِدَادَ كَلِمَاتِهِ

അല്ലാഹു പരിശുദ്ധൻ, അവന്നു സ്തുതി. അവന്റെ സൃഷ്ടികളുടെ എണ്ണത്തോളം അവന്റെ നഫ്സിന്റെ തൃപ്തിയോളം അവന്റെ സിംഹാസനത്തിന്റെ ഭാരത്തോളം, അവന്റെ പരിശുദ്ധ വചനങ്ങളുടെ വ്യാപ്തിയോളം.

## ഖൈർ തേടൽ

ആരെങ്കിലും ഒരു കാര്യം ചെയ്യുവാൻ ഉദ്ദേശിച്ചാൽ ഫർദ് അല്ലാത്ത രണ്ടു റകഅത്ത് നമസ്കരിക്കണം. പിന്നീട് അവൻ ഇങ്ങനെ പ്രാർത്ഥിക്കണം:

اَللَّهُمَّ إِنِّي أَسْتَخِيرُكَ بِعِلْمِكَ، وَأَسْتَقْدِرُكَ
بِقُدْرَتِكَ، وَأَسْأَلُكَ مِنْ فَضْلِكَ الْعَظِيمِ، فَإِنَّكَ تَقْدِرُ
وَلَا أَقْدِرُ، وَتَعْلَمُ وَلَا أَعْلَمُ، وَأَنْتَ عَلَّامُ الْغُيُوبِ،
اَللَّهُمَّ إِنْ كُنْتَ تَعْلَمُ أَنَّ هَذَا الْأَمْرَ (وَيُسَمِّي
حَاجَتَهُ) خَيْرٌ لِي فِي دِينِي وَمَعَاشِي وَعَاقِبَةِ

امري و عاجله و اجله، فقدره لي ويسره لي،
ثم بارك لي فيه، و ان كنت تعلم ان هذا الامر
شر لي في ديني ومعاشي و عاقبة امري،
و عاجله و اجله، فاصرفه عني، و اصرفني
عنه، و اقدر لي الخير حيث كان، ثم ارضني به.

അല്ലാഹുവേ നിന്റെ അറിവുകൊണ്ട് നിന്നോട് ഞാൻ നന്മ ചോദിക്കുന്നു. നിന്റെ കഴിവുകൊണ്ട് നിന്നോട് ഞാൻ കഴിവ് ചോദിക്കുന്നു, മഹത്വമേറിയ നിന്റെ ഔദാര്യത്തിൽനിന്ന് നിന്നോട് ഞാൻ ചോദിക്കുന്നു. തീർച്ചയായും നിനക്ക് കഴിയും എനിക്ക് കഴിയില്ല, നിനക്കറിയാം, എനിക്കറിയുകയില്ല. നീ മറഞ്ഞ കാര്യങ്ങൾ സൂക്ഷ്മമായി അറിയുന്നവനാകുന്നു. അല്ലാഹുവേ! തീർച്ചയായും ഈ കാര്യം (ഇവിടെ കാര്യമെന്താണെന്ന് പറയേണ്ടതാണ്) ദീനിലും ജീവിതത്തിലും എന്റെ കാര്യത്തിന്റെ അവസാന ഫലത്തിലും -അതിൽ ക്ഷണികമായതിലും ശാശ്വതമായതിലും- എനിക്ക് ഗുണകരമാണെന്ന് നീ അറിയുന്നുവെങ്കിൽ അത് എനിക്കു നീ നിർണ്ണയിക്കണമേ. അതിൽ എനിക്കു എളുപ്പവും

വർദ്ധനവും നൽകേണമേ. അല്ലാഹുവേ തീർച്ചയായും ഈ കാര്യം എൻെറ ദീനിലും ജീവിതത്തിലും എൻെറ കാര്യത്തിൻെറ അവസാന ഫലത്തിലും, അതിൽ ക്ഷണികമായതിലും ശാശ്വതമായതിലും- എനിക്കു ദോഷമാണെന്ന് നീ മനസ്സിലാക്കുന്നതെങ്കിൽ എന്നിൽനിന്ന് അതിനെയും അതിൽനിന്ന് എന്നെയും അകറ്റേണമേ! എനിക്കുത്തമമായത് ഏതാണോ അതെനിക്ക് നീ നിർണ്ണയിക്കേണമേ! പിന്നെ അതുകൊണ്ടെന്നെ സംതൃപ്തനാക്കേണമേ!

## നമസ്കാരശേഷം

أستغفر الله -അസ്തഗ്ഫിറുല്ലാഹ്- എന്ന് മൂന്നു പ്രാവശ്യം പറയുക.

അനന്തരം ഇങ്ങനെ പറയുക.

اللهم أنت السلام، ومنك السلام، تباركت يا ذا الجلال والإكرام، لا إله إلا الله وحده لا شريك له، له الملك وله الحمد وهو على كل شيء قدير، اللهم لا مانع لما أعطيت، ولا معطي لما

مَنَعْتَ، وَلَا يَنْفَعُ ذَا الْجَدِّ مِنْكَ الْجَدُّ.

അല്ലാഹുവേ, നീയാണ് രക്ഷകൻ, നിന്നിൽ നിന്നാണ് രക്ഷ. മഹാനും ഉന്നതനുമായ നാഥാ, നീ ഉൽകൃഷ്ടൻ തന്നെ. ആരാധനക്കർഹനായി അല്ലാഹുവല്ലാതെ മറ്റാരുമില്ല. അവൻ ഏകനും പങ്കുകാരില്ലാത്തവനുമാകുന്നു. ആധിപത്യവും സ്തുതിയും അവന്നാകുന്നു. അവൻ സർവ്വകാര്യങ്ങൾക്കും കഴിവുള്ളവൻ തന്നെ. നാഥാ, നീ നൽകിയതു തടയുന്നവനില്ല, നീ തടഞ്ഞുവച്ചത് നൽകുന്നവനുമില്ല. സ്ഥാനമാനങ്ങൾ ഉള്ളവന്റെ പദവികൾ നിന്നിൽ നിന്നുള്ള സ്ഥാനമാനത്തെക്കാൾ ഒട്ടും ഉപകാരപ്രദമല്ല. (നീ തരുന്ന പദവിയാണ് യഥാർത്ഥ പദവി)

لَا إِلٰهَ إِلَّا اللّٰهُ وَحْدَهُ لَا شَرِيكَ لَهُ، لَهُ الْمُلْكُ وَلَهُ الْحَمْدُ وَهُوَ عَلَى كُلِّ شَيْءٍ قَدِيرٌ. لَا حَوْلَ وَلَا قُوَّةَ إِلَّا بِاللّٰهِ لَا إِلٰهَ إِلَّا اللّٰهُ وَلَا نَعْبُدُ إِلَّا إِيَّاهُ لَهُ النِّعْمَةُ وَلَهُ الْفَضْلُ وَلَهُ الثَّنَاءُ الْحَسَنُ لَا إِلٰهَ إِلَّا اللّٰهُ مُخْلِصِينَ لَهُ الدِّينَ وَلَوْ كَرِهَ الْكَافِرُونَ.

അല്ലാഹുവല്ലാതെ ഒരാരാധ്യനില്ല. അവൻ ഏകനാണ്. അവന് പങ്കുകാരില്ല. അവനാണ് ഉടമാവകാശം. അവനാണ് സർവ്വസ്തുതിയും. അവൻ എല്ലാറ്റിനും കഴിവുള്ളവനാണ്. അല്ലാഹുവിനെ കൊണ്ടല്ലാതെ ശക്തിയും മുക്തിയുമില്ല. അല്ലാഹു അല്ലാതെ ഒരാരാധ്യനില്ല, ഞങ്ങൾ അവനെയല്ലാതെ ആരാധിക്കുകയില്ല. അവന്റേതാണ് അനുഗ്രഹം. അവന്റേതാണ് ഔദാര്യം. നല്ല സ്തുതി അവനുതന്നെ. അല്ലാഹുവല്ലാതെ ഒരാരാധ്യനില്ല. കീഴ്‌വണക്കം അവന് മാത്രമാക്കിക്കൊണ്ട്, സത്യനിഷേധികൾ അത് വെറുത്താലും ശരി.

പിന്നീട് سُبْحَانَ اللهِ ، الْحَمْدُ لِلّٰهِ ، اللهُ أَكْبَرُ

എന്നിവ 33 പ്രാവശ്യംവീതം ചൊല്ലുക.

ശേഷം:

لَا إِلٰهَ إِلَّا اللهُ وَحْدَهُ لَا شَرِيكَ لَهُ لَهُ الْمُلْكُ وَلَهُ الْحَمْدُ وَهُوَ عَلَى كُلِّ شَيْءٍ قَدِيرٌ

എന്ന് ചൊല്ലുക.

ഖുൽഹുവല്ലാഹു അഹദ്, ഖുൽ അഊദു ബിറബ്ബിൽ ഫലഖ്, ഖുൽ അഊദു ബിറബ്ബിന്നാസ് എ

ന്നീ സൂറത്തുകൾ എല്ലാ നമസ്കാരങ്ങൾക്കു ശേഷവും ഓരോതവണയും, മഗ്‌രിബ്, സുബ്ഹ് എന്നീ നമസ്കാരങ്ങൾക്കു ശേഷം മൂന്നു പ്രാവശ്യം വീതവും ഓതുക.

എല്ലാ നമസ്കാരങ്ങൾക്കു ശേഷവും ആയത്തുൽ കുർസീ ഓതുക.

اللهُ لاَ إلهَ إلاَّ هُوَ الحَيُّ القَيُّومُ . لاَ تَأْخُذُهُ سِنَةٌ
وَلاَ نَوْمٌ لَهُ مَافِي السَّموَاتِ وَمَا فِي الأَرْضِ مَنْ
ذَا الَّذِي يَشْفَعُ عِنْدَهُ إلاَّ بِإِذْنِهِ يَعْلَمُ مَا بَيْنَ
أَيْدِيهِمْ وَمَا خَلْفَهُمْ وَلاَ يُحِيطُونَ بِشَيْءٍ مِنْ
عِلْمِهِ إلاَّ بِمَا شَاءَ وَسِعَ كُرْسِيُّهُ السَّموَاتِ
وَالأَرْضَ وَلاَ يَؤُدُهُ حِفْظُهُمَا وَهُوَ العَلِيُّ العَظِيمُ.

അല്ലാഹു- അവനല്ലാതെ ദൈവമില്ല. എന്നെന്നും ജീവിച്ചിരിക്കുന്നവൻ. എല്ലാം നിയന്ത്രിക്കുന്നവൻ. മയക്കമോ ഉറക്കമോ അവനെ ബാധിക്കുകയില്ല. അവന്റേതാണ് ആകാശ ഭൂമികളിലുള്ളതെല്ലാം. അവന്റെ അനുവാദപ്രകാരമല്ലാതെ അവന്റെയടുക്കൽ ശുപാർശ നടത്താനാരുണ്ട്? അവരുടെ മുമ്പിലുള്ളതും അവർക്കു

പിന്നിലുള്ളതും അവൻ അറിയുന്നു. അവന്റെ അറിവിൽനിന്നും അവൻ ഇച്ഛിക്കുന്നതല്ലാതെ (മറ്റൊന്നും) അവർക്ക് സൂക്ഷ്മമായി അറിയാൻ കഴിയില്ല. അവന്റെ അധികാരപീഠം ആകാശഭൂമികളെ മുഴുവൻ ഉൾക്കൊള്ളുന്നതാകുന്നു. അവയുടെ സംരക്ഷണം അവന് ഒട്ടും ഭാരമുള്ളതല്ല. അവൻ ഉന്നതനും മഹാനുമത്രെ.

اللهم أعني على ذكرك وشكرك وحسن عبادتك .

അല്ലാഹുവേ, നിന്നെ സ്മരിക്കുവാനും നിനക്ക് നന്ദിചെയ്യാനും നിന്നെ നല്ലനിലക്ക് ആരാധിക്കാനും എന്നെ നീ സഹായിക്കേണമേ.

## കക്കൂസിൽ പ്രവേശിക്കുമ്പോൾ

بسم الله ، اللهم إني أعوذ بك من الخبث والخبائث

അല്ലാഹുവിന്റെ നാമത്തിൽ, അല്ലാഹുവേ, എല്ലാവിധ മാലിന്യങ്ങളിൽ നിന്നും ഞാൻ നിന്നോട് രക്ഷതേടുന്നു.

**പുറത്തുവരുമ്പോൾ:**

غُفْرَانَكَ അല്ലാഹുവേ, നിന്നോട് ഞാൻ പാപമോചനം തേടുന്നു.

**വുദുവിന്ന് മുമ്പ്:**

بِسْمِ اللهِ ബിസ്മി ചൊല്ലുക.

**വുദുവിന്ന് ശേഷം:**

أَشْهَدُ أَنْ لاَ إِلٰهَ إِلاَّ اللهُ وَحْدَهُ لاَ شَرِيكَ لَهُ
وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ

അല്ലാഹുവല്ലാതെ ഒരു ആരാധ്യനുമില്ലെന്ന് ഞാൻ സാക്ഷ്യംവഹിക്കുന്നു. അവൻ ഏകനാണ്. അവന് പങ്കുകാരില്ല. മുഹമ്മദ് ﷺ അല്ലാഹുവിന്റെ ദൂതനും ദാസനുമാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു.

വുദുവിന്റെ ഇടയിൽ പ്രത്യേക പ്രാർത്ഥനകളൊന്നുമില്ല.

**വീട്ടിൽ നിന്ന് പുറപ്പെടുമ്പോൾ:**

بِسْمِ اللهِ تَوَكَّلْتُ عَلَى اللهِ وَلاَ حَوْلَ وَلاَ قُوَّةَ إِلاَّ بِاللهِ

അല്ലാഹുവിന്റെ നാമത്തിൽ, ഞാൻ അല്ലാഹുവിൽ ഭരമേൽപിച്ചിരിക്കുന്നു. അല്ലാഹുവിനെ കൊണ്ടല്ലാതെ യാതൊരു കഴിവും ശക്തിയുമില്ല.

**വീട്ടിൽ പ്രവേശിക്കുമ്പോൾ.**

بِسْمِ اللهِ وَلَجْنَا ، وَبِسْمِ اللهِ خَرَجْنَا ، وَعَلَى رَبِّنَا تَوَكَّلْنَا.

അല്ലാഹുവിന്റെ നാമത്തിൽ ഞങ്ങൾ പ്രവേശിക്കുന്നു. അല്ലാഹുവിന്റെ നാമത്തിൽ പുറപ്പെടുകയും ചെയ്തിരിക്കുന്നു. ഞങ്ങളുടെ രക്ഷിതാവിങ്കൽ ഞങ്ങൾ ഭരമേൽപിച്ചിരിക്കുന്നു.

**പള്ളിയിൽ പ്രവേശിക്കുമ്പോൾ**

أَعُوذُ بِاللهِ الْعَظِيمِ وَبِوَجْهِهِ الْكَرِيمِ وَسُلْطَانِهِ الْقَدِيمِ مِنَ الشَّيْطَانِ الرَّجِيمِ بِسْمِ اللهِ وَالصَّلَاةُ وَالسَّلَامُ عَلَى رَسُولِ اللهِ اللَّهُمَّ افْتَحْ لِي أَبْوَابَ رَحْمَتِكَ

മഹാനായ അല്ലാഹുവിനെ കൊണ്ടും അവന്റെ ഉദാരപ്രഭാവം കൊണ്ടും അനാദിയായ അവ

ന്റെ ആധിപത്യം കൊണ്ടും, ശപിക്കപ്പെട്ട പിശാചിൽ നിന്നും ഞാൻ രക്ഷതേടുന്നു. അല്ലാഹുവിന്റെ നാമത്തിൽ, അല്ലാഹുവിന്റെ ദൂതന്റെമേൽ രക്ഷയും സമാധാനവും ഉണ്ടാകട്ടെ. അല്ലാഹുവേ, നിന്റെ അനുഗ്രഹത്തിന്റെ കവാടങ്ങൾ എനിക്കു നീ തുറന്നു തരേണമേ.

## പള്ളിയിൽനിന്ന് പുറത്തിറങ്ങുമ്പോൾ.

بِسْمِ اللَّهِ وَالصَّلَاةُ وَالسَّلَامُ عَلَى رَسُولِ اللَّهِ
اللَّهُمَّ إِنِّي أَسْأَلُكَ مِنْ فَضْلِكَ اللَّهُمَّ اعْصِمْنِي مِنَ
الشَّيْطَانِ الرَّجِيمِ

അല്ലാഹുവിന്റെ നാമത്തിൽ, അല്ലാഹുവിന്റെ ദൂതന്റെമേൽ രക്ഷയും സമാധാനവും ഉണ്ടാകട്ടെ. അല്ലാഹുവേ, ഞാൻ നിന്റെ ഔദാര്യത്തിൽ നിന്നും ചോദിക്കുന്നു. അല്ലാഹുവേ, ശപിക്കപ്പെട്ട പിശാചിൽ നിന്നും എന്നെ നീ രക്ഷിക്കേണമേ.

## ബാങ്കിന്റെ ദിക്റുകൾ.

ബാങ്കു കേൾക്കുമ്പോൾ ബാങ്കുവിളിക്കുന്നവൻ പറയുന്നതുപോലെ ചൊല്ലുക.

حي على الصلاة، حي على الفلاح എന്നിവ കേൾക്കുമ്പോൾ لاحول ولا قوة الا بالله (അല്ലാഹുവിനെ കൊണ്ടല്ലാതെ യാതൊരു ശക്തിയും കഴിവുമില്ല) എന്ന് ചൊല്ലുക.

## ബാങ്കിനു ശേഷം.

നബി ﷺ യുടെ പേരിൽ സ്വലാത്ത് ചൊല്ലുക. അനന്തരം ഇങ്ങനെ പറയുക.

اللهم رب هذه الدعوة التامة والصلاة القائمة
آت محمدا الوسيلة والفضيلة وابعثه مقاما
محمودا الذي وعدته

ഈ പൂർണ്ണമായ വിളിയുടെയും ആസന്നമായ നമസ്കാരത്തിന്റെയും ഉടമസ്ഥനായ അല്ലാഹുവേ! മുഹമ്മദ്നബിക്ക് നീ വസീലത്, ഫളീലത് എന്നീ സ്ഥാനങ്ങൾ നൽകേണമേ. നീ വാഗ്ദത്തം ചെയ്ത സ്തുത്യർഹമായ പദവിയിലേക്ക് നീ അദ്ദേഹത്തെ ഉയർത്തുകയും ചെയ്യേണമേ.

## ഭക്ഷണത്തിനു മുമ്പും ശേഷവും.

ഭക്ഷണം കഴിക്കുന്നതിനു മുമ്പ് ബിസ്മി ചൊ

ല്ലുക. മറന്നാൽ ഇടയിൽ ഓർമ്മവരുമ്പോൾ بِسْمِ اللهِ فِي أَوَّلِهِ وَآخِرِهِ (ആദ്യത്തിലും അന്ത്യത്തിലും അല്ലാഹുവിന്റെ നാമത്തിൽ) എന്ന് ചൊല്ലുക.

**ഭക്ഷിച്ചു കഴിഞ്ഞാൽ.**

اَلْحَمْدُ لِلّٰهِ الَّذِي أَطْعَمَنِي هٰذَا وَرَزَقَنِيهِ مِنْ غَيْرِ حَوْلٍ مِنِّي وَلَا قُوَّةٍ

എന്റെ ശക്തിയും കഴിവും കൊണ്ടല്ലാതെ എന്നെ ഇതു ഭക്ഷിപ്പിക്കുകയും എനിക്കി ആഹാരം നൽകുകയും ചെയ്തവനായ അല്ലാഹുവിന് സ്തുതി.

**സൽക്കരിച്ചവനു വേണ്ടി.**

اَللّٰهُمَّ أَطْعِمْ مَنْ أَطْعَمَنِي وَاسْقِ مَنْ سَقَانِي

അല്ലാഹുവേ, എന്നെ ഭക്ഷിപ്പിച്ചവനെ നീ ഭക്ഷിപ്പിക്കേണമേ, എന്നെ കുടിപ്പിച്ചവനെ നീ കുടിപ്പിക്കേണമേ.

**നോമ്പ് തുറക്കുമ്പോൾ.**

ذَهَبَ الظَّمَأُ، وَابْتَلَّتِ الْعُرُوقُ، وَثَبَتَ الْأَجْرُ
إِنْ شَاءَ اللهُ.

ദാഹം പോയി, ഞരമ്പുകൾ നനഞ്ഞു, പ്രതിഫലം അല്ലാഹു ഉദ്ദേശിച്ചാൽ സ്ഥിരപ്പെട്ടു.

**തുമ്മിയാൽ.**

തുമ്മിയാൽ الْحَمْدُ لِلَّهِ (സർവ്വസ്തുതിയും അല്ലാഹുവിനാകുന്നു) എന്ന് പറയുക. അതു കേട്ടവൻ يَرْحَمُكَ اللهُ (അല്ലാഹു താങ്കളെ അനുഗ്രഹിക്കട്ടെ) എന്ന് പറയുക. അപ്പോൾ തുമ്മിയവൻ يَهْدِيكُمُ اللهُ وَيُصْلِحُ بَالَكُمْ (അല്ലാഹു താങ്കൾക്ക് സന്മാർഗ്ഗം നൽകട്ടെ, അവൻ നിങ്ങളുടെ അവസ്ഥ നല്ലതാക്കട്ടെ) എന്ന് പറയുക.

**മഴക്കുവേണ്ടി.**

اللَّهُمَّ أَغِثْنَا، اللَّهُمَّ أَغِثْنَا اللَّهُمَّ أَغِثْنَا

അല്ലാഹുവേ ഞങ്ങൾക്ക് മഴ തരേണമേ, അല്ലാ

ഹുവേ ഞങ്ങൾക്ക് മഴ തരേണമേ, അല്ലാഹുവേ ഞങ്ങൾക്ക് മഴ തരേണമേ.

**മഴ പെയ്യുമ്പോൾ:**

اللهم صيبا نافعا

അല്ലാഹുവേ, ഉപകാരപ്രദമായ നല്ല മഴയാക്കണേ.

**മഴ പെയ്തു കഴിഞ്ഞാൽ:**

مطرنا بفضل الله ورحمته

അല്ലാഹുവിന്റെ അനുഗ്രഹവും ഔദാര്യവും മൂലമാണ് ഞങ്ങൾക്ക് മഴ ലഭിച്ചത്.

**മഴ അധികമായാൽ:**

اللهم حوالينا ولا علينا اللهم على الآكام
والظراب، وبطون الأودية، ومنابت الشجر

അല്ലാഹുവേ, ഞങ്ങളിൽ നിന്ന് മഴയെ അയൽ പ്രദേശങ്ങളിലേക്കു തിരിച്ചു വിടേണമേ. കുന്നുകളും മലകളും ഉയർന്നിടത്തേക്ക് തിരിച്ചു വിടേണമേ. താഴ്‌വരകളിലും വനാന്തരങ്ങളിലും കാലികളുടെ മേച്ചിൽ സ്ഥലങ്ങളിലും നീ മഴയെ

ഒതുക്കി നിർത്തേണമേ.

## കാറ്റടിക്കുമ്പോൾ.

اللهم إني أسئلك خيرها وخير ما فيها وخير
ما أرسلت به وأعوذ بك من شرها وشر ما
فيها وشر ما أرسلت به

അല്ലാഹുവേ, കാറ്റിൽ നല്ലതിനെയും അതിലുള്ള നന്മയും അത് അയക്കപ്പെട്ടതിലുള്ള നന്മയും നിന്നോട് ഞാൻ ചോദിക്കുന്നു. കാറ്റിൽ ചീത്തയായതിൽ നിന്നും അതിലുള്ള തിന്മയിൽ നിന്നും അത് അയക്കപ്പെട്ടതിലുള്ള തിന്മയിൽ നിന്നും നിന്നോട് ഞാൻ അഭയം തേടുന്നു.

## ഇടിമിന്നലുണ്ടാകുമ്പോൾ

اللهم لا تقتلنا بغضبك ولا تهلكنا بعذابك
وعافنا قبل ذلك

അല്ലാഹുവേ, നിന്റെ കോപം കൊണ്ട് ഞങ്ങളെ കൊലപ്പെടുത്തരുതേ. നിന്റെ ശിക്ഷ കൊണ്ട് ഞങ്ങളെ നശിപ്പിക്കരുതേ. അത് വന്നെത്തും മുമ്പ് ഞങ്ങളെ നീ രക്ഷിക്കേണമേ.

## മാസപ്പിറവി ദർശിക്കുമ്പോൾ:

الله اكبر، اللهمّ اهلّه علينا بالأمن والايمان والسّلام والاسلام والتّوفيق لما تحبّ وترضى ربّنا وربّك الله.

അല്ലാഹുവാണ് ഏറ്റവും വലിയവൻ, അല്ലാഹുവേ നിർഭയത്വവും വിശ്വാസവും ഇസ്ലാമും നി തൃപ്തിപ്പെട്ടത് പ്രവർത്തിക്കാനുള്ള കഴിവും ഉത വിയും കൊണ്ട് ഈ മാസത്തെ ഞങ്ങളിൽ നീ ഉദിപ്പിക്കണമേ. (ചന്ദ്രനെ നോക്കിക്കൊണ്ട് ഇങ്ങനെ പറയുന്നു) ഞങ്ങളുടെയും നിന്റെ യും രക്ഷിതാവ് അല്ലാഹുവാകുന്നു.

## നവ വധൂവരന്മാർക്കു വേണ്ടി.

بارك الله لك، و بارك عليك، و جمع بينكما في خير

അല്ലാഹു താങ്കളെ അനുഗ്രഹിക്കട്ടെ, താങ്കളു ടെ മേൽ അല്ലാഹുവിന്റെ അനുഗ്രഹം ഉണ്ടാ കട്ടെ, നിങ്ങളെരണ്ടുപേരെയും അല്ലാഹു ഉത്ത മമായ രീതിയിൽ ഒരുമിച്ചുകൂട്ടട്ടെ.

<u>സംയോഗത്തിനു മുമ്പ്.</u>

بسم الله، اللهم جنبنا الشيطان وجنب الشيطان ما رزقتنا

അല്ലാഹുവിന്റെ നാമത്തിൽ, അല്ലാഹുവേ, പിശാചിനെ ഞങ്ങളിൽ നിന്ന് നീ അകറ്റേണമേ, ഞങ്ങൾക്ക് നൽകുന്നതിൽ നിന്നും നീ പിശാചിനെ അകറ്റേണമേ.

<u>സദസ്സിന്റെ പ്രായശ്ചിത്തം.</u>

سبحانك اللهم وبحمدك، اشهد ان لا إله إلا انت أستغفرك واتوب إليك

അല്ലാഹുവേ, നിന്നെ സ്തുതിക്കുന്നതോടൊപ്പം നിന്റെ പരിശുദ്ധിയെ വാഴ്ത്തുന്നു. നീയല്ലാതെ ആരാധ്യനില്ലെന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു. ഞാൻ നിന്നോട് പാപമോചനം തേടുന്നു. നിന്നിലേക്ക് ഖേദിച്ചു മടങ്ങുന്നു.

<u>കോപം വരുമ്പോൾ.</u>

أعوذ بالله من الشيطان الرجيم

ശപിക്കപ്പെട്ട പിശാചിൽ നിന്നും ഞാൻ അല്ലാഹുവിൽ ശരണം തേടുന്നു.

**യാത്രയാക്കുന്നവൻ:**

استودعكم الله الذي لا تضيع ودائعه،

നിങ്ങളെ ഞാൻ അല്ലാഹുവിൽ വിശ്വസിച്ചേൽപിച്ചിരിക്കുന്നു. അവനിൽ വിശ്വസിച്ചേൽപിക്കുന്നതൊന്നും പാഴായിപ്പോകുകയില്ല.

**യാത്രക്കാരനു വേണ്ടി:**

أستودع الله دينك وأمانتك وخواتيم عملك

നിന്റെ മതവും വിശ്വസ്തതയും പ്രവർത്തനങ്ങളുടെ പരിണിത ഫലങ്ങളുമെല്ലാം ഞാൻ അല്ലാഹുവിൽ ഏൽപിച്ചിരിക്കുന്നു.

**വാഹനത്തിൽ:**

الله أكبر، الله أكبر، الله أكبر، سبحان الذي سخر لنا هذا وما كنا له مقرنين وإنا إلى ربنا لمنقلبون

അല്ലാഹു ഏറ്റവും മഹാൻ. . . ഈ വാഹനം

ഞങ്ങൾക്കു കീഴ്പെടുത്തി തന്നവനായ അല്ലാഹു പരിശുദ്ധൻ, ഞങ്ങൾ അത് കീഴ്പെടുത്താൻ കഴിവുള്ളവരായിരുന്നില്ല. നിശ്ചയം ഞങ്ങൾ ഞങ്ങളുടെ നാഥനിലേക്കു മടങ്ങുന്നവരാകുന്നു.

തുടർന്ന്

اللهم إنا نسألك في سفرنا هذا البر والتقوى
ومن العمل ما ترضى ، اللهم هون علينا
سفرنا هذا واطو عنا بعده، اللهم أنت الصاحب
في السفر والخليفة في الأهل، اللهم اني أعوذ
بك من وعثاء السفر،وكآبة المنظروسوء
المنقلب في المال والأهل،

അല്ലാഹുവേ, ഞങ്ങളുടെ ഈ യാത്രയിൽ പുണ്യവും തഖ്‌വയും നീ ഇഷ്ടപ്പെടുന്ന കർമവും നിന്നോട് ഞങ്ങൾ ചോദിക്കുന്നു. അല്ലാഹുവേ, ഈ യാത്ര നീ ഞങ്ങൾക്ക് എളുപ്പമുള്ളതാക്കിത്തരികയും ദൂരം ചുരുക്കിത്തരികയും ചെയ്യേണമേ. അല്ലാഹുവേ, യാത്രയിലെ കൂട്ടുകാരനും കുടുംബത്തിലെ പകരക്കാരനും നീയാകു

ന്നു. അല്ലാഹുവേ, യാത്രാക്ലേശത്തിൽ നിന്നും ദുഷിച്ച കാഴ്ചയിൽ നിന്നും കുടുംബത്തിലും സ്വത്തിലും ദോഷകരമായ പരിണിതിയുണ്ടാകുന്നതിൽനിന്നും നിന്നോട് ഞാൻ രക്ഷതേടുന്നു.

യാത്ര കഴിഞ്ഞു തിരിച്ചെത്തുമ്പോൾ ഈ പ്രാർത്ഥനയുടെ കൂടെ

آيِبُونَ تَائِبُونَ، عَابِدُونَ لِرَبِّنَا حَامِدُونَ

മടങ്ങുന്നവരും പശ്ചാത്തപിക്കുന്നവരും ഞങ്ങളുടെ നാഥനെ ആരാധിക്കുന്നവരും സ്തുതിക്കുന്നവരുമാകുന്നു ഞങ്ങൾ,
എന്നുകൂടി പറയുക.

**ഒരു സ്ഥലത്ത് ഇറങ്ങിയാൽ**

أعوذ بكلمات الله التامات من شر ما خلق

അല്ലാഹുവിന്റെ ഉത്തമമായ വചനങ്ങളെ കൊണ്ട്, അവൻ സൃഷ്ടിച്ചിട്ടുള്ളവയുടെ കെടുതിയിൽനിന്നും ഞാൻ ശരണം തേടുന്നു.

**കടം വീടാൻ:**

اللهم اكفني بحلالك عن حرامك و أغنني

بِفَضْلِكَ عَمَّنْ سِوَاكَ

അല്ലാഹുവേ, അനുവദനീയമായതു കൊണ്ട് നിന്റെ നിഷിദ്ധങ്ങളിൽ നിന്ന് എനിക്കു നീ മതിയാക്കേണമേ, നിന്റെ ഔദാര്യത്താൽ മറ്റുള്ളവരിൽ നിന്നും എന്നെ നീ ഐശ്വര്യവാനാക്കേണമേ.

اللَّهُمَّ إِنِّي أَعُوذُ بِكَ مِنَ الْهَمِّ وَالْحَزَنِ، وَأَعُوذُ بِكَ مِنَ الْعَجْزِ وَالْكَسَلِ، وَأَعُوذُ بِكَ مِنَ الْجُبْنِ وَالْبُخْلِ، وَأَعُوذُ بِكَ مِنْ غَلَبَةِ الدَّيْنِ وَقَهْرِ الرِّجَالِ

അല്ലാഹുവേ, മനോവിഷമത്തിൽ നിന്നും ദുഃഖത്തിൽനിന്നും നിന്നോട് ഞാൻ കാവൽ തേടുന്നു. അലസതയിൽ നിന്നും ബലഹീനതയിൽ നിന്നും ഭീരുത്വത്തിൽ നിന്നും പിശുക്കിൽ നിന്നും ഞാൻ രക്ഷതേടുന്നു. കടങ്ങൾ കുമിഞ്ഞു കൂടുന്നതിൽ നിന്നും ആളുകൾ എന്നെ അതിജയിക്കുന്നതിൽ നിന്നും നിന്നോട് ഞാൻ രക്ഷതേടുന്നു.

### വസ്ത്രം അണിയുമ്പോൾ:

الْحَمْدُ لِلَّهِ الَّذِي كَسَانِي هَذَا (الثَّوْبَ) وَرَزَقَنِيهِ مِنْ غَيْرِ حَوْلٍ مِنِّي وَلَا قُوَّةٍ.

എന്റെ യാതൊരു കഴിവും ഇല്ലാതെ എനിക്ക് ഈ വസ്ത്രം നൽകുകയും എന്നെ ഇത് അണിയിക്കുകയും ചെയ്ത അല്ലാഹുവിന്നാണ് സർവ്വസ്തുതിയും.

### പുതുവസ്ത്രം അണിയുമ്പോൾ:

اللَّهُمَّ لَكَ الْحَمْدُ أَنْتَ كَسَوْتَنِيهِ أَسْأَلُكَ مِنْ خَيْرِهِ وَخَيْرِ مَا صُنِعَ لَهُ، وَأَعُوذُ بِكَ مِنْ شَرِّهِ وَشَرِّ مَا صُنِعَ لَهُ

അല്ലാഹുവേ നിനക്കു സ്തുതി, നീയാണിത് എന്നെ അണിയിച്ചത്. അതിന്റെയും അത് ഉണ്ടാക്കപ്പെട്ടതിന്റെയും നന്മ ഞാൻ നിന്നോട് ചോദിക്കുന്നു. അതിന്റെയും അത് ഉണ്ടാക്കപ്പെട്ടതിന്റെയും തിന്മയിൽ നിന്നും ഞാൻ നിന്നോട് കാവൽതേടുന്നു.

## രോഗശമനത്തിനു വേണ്ടിയുള്ള പ്രാർത്ഥന.

اللَّهُمَّ رَبَّ النَّاسِ، أَذْهِبِ الْبَأْسَ، وَاشْفِ، أَنْتَ الشَّافِي لَا شِفَاءَ إِلَّا شِفَاؤُكَ، شِفَاءً لَا يُغَادِرُ سَقَمًا

ജനങ്ങളുടെ നാഥനായ അല്ലാഹുവേ, വിഷമം നീ നീക്കേണമേ. ഒരു രോഗത്തെയും ഒഴിവാക്കാത്ത സുഖം നീ നൽകേണമേ. നീയാണ് സുഖം നൽകുന്നവൻ. നിന്റെ സുഖമല്ലാതെ യാതൊരു സുഖവുമില്ല.

*(ഇതു പറഞ്ഞുകൊണ്ട് രോഗിയുടെ ശരീരത്തിൽ തടവുന്നത് നല്ലതാണ്.)*

## രോഗി സ്വയം പറയേണ്ടത്.

بِسْمِ اللَّهِ (٣ مرات) أَعُوذُ بِعِزَّةِ اللَّهِ وَقُدْرَتِهِ مِنْ شَرِّ مَا أَجِدُ وَأُحَاذِرُ (سبع مرات)

ബിസ്മില്ലാഹി മൂന്നു പ്രാവശ്യം. എന്നിട്ട് ഞാൻ ഇപ്പോൾ അനുഭവിക്കുകയും ഭയപ്പെടുകയും ചെയ്യുന്ന ഈ വിഷമാവസ്ഥയിൽ നിന്ന് അല്ലാഹുവിന്റെ പ്രതാപത്തിലും കഴിവിലും ശരണം തേടുന്നു.

**വല്ലകാര്യവും എതിരായി ഭവിച്ചാൽ:**

حَسْبِيَ اللّٰهُ وَنِعْمَ الْوَكِيلُ

എനിക്ക് അല്ലാഹുമതി, ഭരമേൽപിക്കാൻ അവനാണ് ഉത്തമൻ.

**വിപത്തു ബാധിച്ചാൽ:**

إنا لله وإنا إليه راجعون اللهم أجرني في
مصيبتي واخلف لي خيرا منها

നാമെല്ലാം അല്ലാഹുവിനുള്ളതാകുന്നു. തീർച്ചയായും നാമെല്ലാം അവനിലേക്കു മടങ്ങുന്നവരുമാകുന്നു. അല്ലാഹുവേ എന്റെ ഈ നാശത്തിൽ എനിക്കു നീ പ്രതിഫലം നൽകേണമേ, അതിനെക്കാൾ നല്ലത് എനിക്കു നീ നൽകേണമേ.

الحمد لله على كل حال

എല്ലായ്പോഴും അല്ലാഹുവിന് സ്തുതി.

**സമാശ്വസിപ്പിക്കാനുള്ള വാക്ക്:**

إن لله ما أخذ، وله ما أعطى، و كل شئ عنده
بأجل مسمى، فلتصبر ولتحتسب

തീർച്ചയായും അല്ലാഹു എടുത്തത് അവനുള്ള
തു തന്നെയാകുന്നു. അവൻ തന്നതും അവനു
ള്ളതു തന്നെ. എല്ലാറ്റിനും അവന്റെയടുക്കൽ
ഒരു നിർണ്ണിത അവധിയുണ്ട്. അതുകൊണ്ട് നീ
ക്ഷമിക്കുക, പ്രതിഫലം ആഗ്രഹിക്കുക.

**മയ്യിത്ത് ഖബ്റിൽ വക്കുമ്പോൾ.**

بِسْمِ اللهِ وَعَلَى سُنَّةِ رَسُولِ اللهِ

അല്ലാഹുവിന്റെ നാമത്തിൽ, അല്ലാഹുവിന്റെ
ദൂതന്റെ ചര്യയനുസരിച്ചും.

**ഖബ്ർ സന്ദർശിക്കുമ്പോൾ.**

السَّلاَمُ عَلَيْكُمْ أَهْلَ الدِّيَارِ مِنَ الْمُؤْمِنِينَ
وَالْمُسْلِمِينَ وَإِنَّا إِنْ شَاءَ اللهُ بِكُمْ لاَحِقُونَ،
نَسْأَلُ اللهَ لَنَا وَلَكُمُ الْعَافِيَةَ

മുസ്ലിംകളും മുഅ്മിനുകളുമായുള്ളവരുടെ ഭ
വനത്തിലെ ആൾക്കാരേ, നിങ്ങൾക്ക് അല്ലാഹുവി
ന്റെ രക്ഷയുണ്ടാകട്ടെ. അല്ലാഹു ഉദ്ദേശിക്കു
മ്പോൾ ഞങ്ങളും നിങ്ങളുടെ അടുത്തേക്കു വ
രും, തീർച്ച. നിങ്ങൾക്കും ഞങ്ങൾക്കും ഞങ്ങൾ

അല്ലാഹുവിനോട് സുഖം ചോദിക്കുന്നു.

**ഇഷ്ടപ്പെട്ടത് ആരെങ്കിലും തന്നാൽ.**

جَزَاكَ اللّٰهُ خَيْرًا

അല്ലാഹു താങ്കൾക്ക് നന്മ പ്രതിഫലം നൽകട്ടെ.

**ഖുർആനിൽ വന്ന ചില പ്രാർത്ഥനകൾ.**

മാതാപിതാക്കൾക്കുവേണ്ടി.

رَبِّ اغْفِرْ لِي وَلِوَالِدَيَّ

നാഥാ, എനിക്കും എന്റെ മാതാപിതാക്കൾക്കും നീ പൊറുത്തു തരേണമേ,

رَبِّ ارْحَمْهُمَا كَمَا رَبَّيَانِي صَغِيرًا

നാഥാ, ചെറുപ്പത്തിൽ അവർ രണ്ടുപേരും എന്നെ താലോലിച്ചതുപോലെ അവരോട് നീ കരുണ ചെയ്യേണമേ,

رَبِّ أَوْزِعْنِي أَنْ أَشْكُرَ نِعْمَتَكَ الَّتِي أَنْعَمْتَ عَلَيَّ
وَعَلَى وَالِدَيَّ وَأَنْ أَعْمَلَ صَالِحًا تَرْضَاهُ
وَأَصْلِحْ لِي فِي ذُرِّيَّتِي

എന്റെ രക്ഷിതാവേ, എനിക്കും എന്റെ മാതാപിതാക്കൾക്കും നീ ചെയ്തിട്ടുള്ള അനുഗ്രഹത്തിന് നന്ദി കാണിക്കുവാനും നീ തൃപ്തിപ്പെടുന്ന സൽകർമ്മം പ്രവർത്തിക്കുവാനും നീ എനിക്ക് പ്രചോദനം നൽകേണമേ. എന്റെ സന്തതികളിൽ നീ എനിക്ക് നന്മയുണ്ടാക്കിത്തരികയും ചെയ്യേണമേ.

رَبَّنَا هَبْ لَنَا مِنْ أَزْوَاجِنَا وَ ذُرِّيَّاتِنَا قُرَّةَ أَعْيُنٍ
وَاجْعَلْنَا لِلْمُتَّقِينَ إِمَامًا

ഞങ്ങളുടെ നാഥാ, ഞങ്ങളുടെ ഭാര്യമാർ സന്താനങ്ങൾ എന്നിവരിൽ നിന്നും നീ ഞങ്ങൾക്ക് കൺകുളിർമ നൽകേണമേ, ഭക്തന്മാർക്ക് നീ ഞങ്ങളെ മാതൃകയാക്കേണമേ.

رَبِّ اجْعَلْنِي مُقِيمَ الصَّلَوٰةِ وَمِنْ ذُرِّيَّتِي، رَبَّنَا
وَتَقَبَّلْ دُعَاءِ ۔

നാഥാ, എന്നെയും എന്റെ സന്താനങ്ങളെയും നമസ്കാരം നിലനിർത്തുന്നവരുടെ കൂട്ടത്തിൽ ഉൾപ്പെടുത്തേണമേ, നാഥാ, നീ പ്രാർത്ഥന സ്വീകരിക്കേണമേ.

ربنا اغفر لي ولوالدي وللمؤمنين يوم يقوم الحساب

ഞങ്ങളുടെ നാഥാ, വിചാരണ ദിവസത്തിൽ എനിക്കും എന്റെ മാതാപിതാക്കൾക്കും സത്യവിശ്വാസികൾക്കും നീ പൊറുത്തു തരേണമേ.

رب زدني علما

നാഥാ, എനിക്കു നീ അറിവ് വർദ്ധിപ്പിച്ചു തരേണമേ.

ربنا آتنا في الدنيا حسنة، و في الآخرة حسنة، وقنا عذاب النار

നാഥാ, ഇഹത്തിലും പരത്തിലും നീ ഞങ്ങൾക്ക് നന്മ നൽകേണമേ, നരകശിക്ഷയിൽ നിന്ന് നീ ഞങ്ങളെ കാക്കണമേ.

توفني مسلما وألحقني بالصالحين

എന്റെ രക്ഷിതാവേ) നീ എന്നെ മുസ്ലിമായി മരിപ്പിക്കുകയും സജ്ജനങ്ങളുടെ കൂട്ടത്തിൽ ചേർക്കുകയും ചെയ്യണമേ.

رَبَّنَا لَا تُؤَاخِذْنَا إِنْ نَسِينَا أَوْ أَخْطَأْنَا رَبَّنَا وَلَا تَحْمِلْ عَلَيْنَا إِصْرًا كَمَا حَمَلْتَهُ عَلَى الَّذِينَ مِنْ قَبْلِنَا رَبَّنَا وَلَا تُحَمِّلْنَا مَا لَا طَاقَةَ لَنَا بِهِ وَاعْفُ عَنَّا وَاغْفِرْ لَنَا وَارْحَمْنَا أَنْتَ مَوْلَانَا فَانْصُرْنَا عَلَى الْقَوْمِ الْكَافِرِينَ .

ഞങ്ങളുടെ നാഥാ, ഞങ്ങൾ മറന്നു പോകുകയോ, ഞങ്ങൾക്കു തെറ്റുപറ്റുകയോ ചെയ്തുവെങ്കിൽ ഞങ്ങളെ നീ ശിക്ഷിക്കരുതേ. ഞങ്ങളുടെ നാഥാ, ഞങ്ങളുടെ മുൻഗാമികളുടെമേൽ നീ ചുമത്തിയതു പോലുള്ള ഭാരം ഞങ്ങളുടെമേൽ നീ ചുമത്തരുതേ. ഞങ്ങളുടെ നാഥാ, ഞങ്ങൾക്കു കഴിവില്ലാത്തത് ഞങ്ങളെ നീ വഹിപ്പിക്കരുതേ. ഞങ്ങൾക്ക് നീ മാപ്പുനൽകുകയും ഞങ്ങളോട് പൊറുക്കുകയും, കരുണ കാണിക്കുകയും ചെയ്യേണമേ. നീയാണ് ഞങ്ങളുടെ രക്ഷാധികാരി. അതുകൊണ്ട് സത്യനിഷേധികളായ ജനതക്കെതിരായി നീ ഞങ്ങളെ സഹായിക്കേണമേ.

رَبَّنَا لَا تُزِغْ قُلُوبَنَا بَعْدَ إِذْ هَدَيْتَنَا وَهَبْ لَنَا مِنْ

لَدُنْكَ رَحْمَةً إِنَّكَ أَنْتَ الْوَهَّابُ،

ഞങ്ങളുടെ നാഥാ, ഞങ്ങളെ നീ സന്മാർഗത്തിലാക്കിയ ശേഷം ഞങ്ങളുടെ മനസ്സുകളെ നീ തെറ്റിക്കരുതേ. നിന്റെ അടുക്കൽ നിന്നുള്ള കാരുണ്യം ഞങ്ങൾക്കു നീ പ്രദാനം ചെയ്യേണമേ. തീർച്ചയായും നീ അത്യധികം ഔദാര്യവാനാകുന്നു.

## ഹദീഥിൽ വന്ന മറ്റുചില പ്രാർത്ഥനകൾ.

اللَّهُمَّ إِنِّي أَسْأَلُكَ الْهُدَى، وَالتُّقَى، وَالْعَفَافَ، وَالْغِنَى

അല്ലാഹുവേ, സന്മാർഗ്ഗവും ഭക്തിയും വിശുദ്ധിയും ഐശ്വര്യവും ഞാൻ നിന്നോട് ചോദിക്കുന്നു.

اللَّهُمَّ اغْفِرْ لِي، وَارْحَمْنِي، وَعَافِنِي، وَارْزُقْنِي

അല്ലാഹുവേ, എനിക്കു നീ പൊറുത്തുതരണമേ, എന്നെ നീ അനുഗ്രഹിക്കേണമേ, എനിക്കു നീ സുഖം നൽകേണമേ, എനിക്കു നീ അന്നം നൽകേണമേ

يا مقلب القلوب ثبت قلبي على دينك

മനസ്സുകളെ മാറ്റിമറിക്കുന്നവനായ (അല്ലാഹുവേ) എന്റെ മനസ്സിനെ നിന്റെ മതത്തിൽ നീ ഉറപ്പിച്ചു നിർത്തേണമേ.

اللهم اصلح لي ديني الذي هو عصمة امري، و اصلح لي دنياي التي فيها معاشي، و اصلح لي اخرتي التي فيها معادي، واجعل الحياة زيادة لي في كل خير، واجعل الموت راحة لي من كل شر

അല്ലാഹുവേ എന്റെ എല്ലാകാര്യങ്ങളുടെയും സുരക്ഷയായ എന്റെ മതത്തെ എനിക്കു നീ നന്നാക്കിത്തരേണമേ. എന്റെ ജീവിതസ്ഥലമായ ഇഹലോകത്തെ എനിക്കു നീ നന്നാക്കേണമേ. എന്റെ മടക്കസ്ഥലമായ പരലോകത്തെ നീ നന്നാക്കേണമേ. ജീവിതം എല്ലാ നന്മയിലുമുള്ള വർദ്ധനവാക്കേണമേ. മരണത്തെ എല്ലാ വിഷമങ്ങളിൽ നിന്നുമുള്ള സുഖമാക്കേണമേ.

اللهم اغفر لي خطيئتي و جهلي، واسرافي في

أَمْرِي، وَمَا أَنْتَ أَعْلَمُ بِهِ مِنِّي، اَللَّهُمَّ اغْفِرْلِي
جِدِّي وَهَزْلِي، وَخَطَئِي وَعَمْدِي، وَكُلُّ ذَلِكَ
عِنْدِي، اَللَّهُمَّ اغْفِرْلِي مَا قَدَّمْتُ وَمَا أَخَّرْتُ، وَ
مَا أَسْرَرْتُ وَمَا أَعْلَنْتُ، وَمَا أَنْتَ أَعْلَمُ بِهِ مِنِّي،
أَنْتَ الْمُقَدِّمُ، وَ أَنْتَ الْمُؤَخِّرُ، وَأَنْتَ عَلَى كُلِّ
شَيْءٍ قَدِيرٌ

അല്ലാഹുവേ, എന്റെ അബദ്ധങ്ങളും അജ്ഞതയും കാര്യങ്ങളിലെ അമിതത്വവും എന്നെക്കാൾ കൂടുതലായി നിനക്കറിയാവുന്നതുമായ എന്റെ പാപങ്ങളും നീ എനിക്ക് പൊറുത്തു തരേണമേ. ഞാൻ കാര്യമായി ചെയ്തതും തമാശയായി ചെയ്തതും, പിഴച്ചു ചെയ്തതും ബോധപൂർവ്വം ചെയ്തതും എന്റെയടുക്കൽ വന്നുപോയതുമെല്ലാം നീ പൊറുക്കേണമേ. അല്ലാഹുവേ, ഞാൻ മുന്തിച്ചും പിന്തിച്ചും രഹസ്യമായും പരസ്യമായും ചെയ്തതും, എന്നെക്കാൾ കൂടുതലായി നിനക്കറിയാവുന്ന പാപങ്ങളും നീയെനിക്കു പൊറുത്തു തരേണമേ. നീയാണ് മുന്തിക്കുന്നവനും പിന്തിക്കുന്നവനും. നീ എല്ലാറ്റിനും ക

ഴിവുള്ളവനുമാകുന്നു.

اللَّهُمَّ إِنِّي أَعُوذُ بِكَ مِنَ الْبَرَصِ، وَالْجُنُونِ، وَالْجُذَامِ، وَسَيِّئِ الأَسْقَامِ

അല്ലാഹുവേ, വെള്ളപ്പാണ്ട്, ഭ്രാന്ത്, കുഷ്ഠം എന്നി മോശമായ രോഗങ്ങളിൽ നിന്നും ഞാൻ നിന്നോട് കാവലിനെ തേടുന്നു.

اللَّهُمَّ إِنِّي أَعُوذُ بِكَ مِنْ مُنْكَرَاتِ الأَخْلَاقِ وَالأَعْمَالِ وَالأَهْوَاءِ

അല്ലാഹുവേ, ചീത്ത സ്വഭാവങ്ങൾ, പ്രവൃത്തികൾ, വികാരങ്ങൾ എന്നിവയിൽ നിന്നും നിന്നിൽ ഞാൻ ശരണം തേടുന്നു.

*നാവിന്ന് കനം കുറഞ്ഞതും, ത്രാസിൽ കനം കൂടിയതും അല്ലാഹുവിന് ഏറ്റവും പ്രിയങ്കരവുമായ രണ്ടു വചനങ്ങൾ.*

سُبْحَانَ اللَّهِ وَبِحَمْدِهِ ، سُبْحَانَ اللَّهِ الْعَظِيمِ

അല്ലാഹുവിനെ സ്തുതിക്കുന്നതോടൊപ്പം അവന്റെ പരിശുദ്ധിയെ ഞാൻ വാഴ്ത്തുന്നു. മഹാനായ അല്ലാഹുവിന്റെ പരിശുദ്ധിയെ ഞാൻ

വാഴ്ത്തുന്നു.

## ഉറങ്ങാൻ കിടക്കുമ്പോൾ.

ഉറങ്ങാൻ കിടക്കുമ്പോൾ വുദു ചെയ്യുക. آية الكرسي ഓതുക. (പേജ് 25 കാണുക.)
തുടർന്ന് ഇരുകൈകളിലും ഊതുക.

قل هو الله احد، قل اعوذ برب الفلق، قل اعوذ برب الناس

എന്നീ സൂറത്തുകൾ ഓതി, തല, മുഖം തുടങ്ങി ശരീരത്തിന്റെ ഭാഗങ്ങളിലെല്ലാം തടവുക. ഇത് മൂന്നു പ്രാവശ്യം ചെയ്യുക.

بِاسْمِكَ اللّٰهُمَّ أَمُوتُ وَأَحْيَا

അല്ലാഹുവേ, നിന്റെ നാമത്തിൽ ഞാൻ മരിക്കുകയും ജീവിക്കുകയും ചെയ്യുന്നു. എന്നു പറഞ്ഞുകൊണ്ട് വലതുകയ്യിൽ വലതു കവിൾവച്ച് കിടക്കുക. അനന്തരം ഈ ദുആകൾ ചൊല്ലുക.

بِاسْمِكَ اللّٰهُمَّ وَضَعْتُ جَنْبِي وَبِاسْمِكَ أَرْفَعُهُ إِنْ أَمْسَكْتَ نَفْسِي فَارْحَمْهَا وَإِنْ أَرْسَلْتَهَا فَاحْفَظْهَا بِمَا تَحْفَظُ بِهِ عِبَادَكَ الصَّالِحِينَ

എന്റെ രക്ഷിതാവേ, നിന്റെ നാമത്തിൽ എന്റെ പാർശ്വം ഞാൻ വെക്കുകയും ഉയർത്തുകയും ചെയ്യുന്നു. എന്റെ ആത്മാവിനെ നീ പിടിക്കുകയാണെങ്കിൽ അതിനോട് കരുണ കാണിക്കേണമേ. അതിനെ നീ വിട്ടുതരികയാണെങ്കിൽ നിന്റെ സദ്‌വൃത്തരായ ദാസന്മാരെ സംരക്ഷിക്കുന്നത് കൊണ്ട് നീ അതിനെയും സംരക്ഷിക്കേണമേ.

سبحان الله، الحمد لله، الله أكبر എന്നിവ മുപ്പത്തി മൂന്ന് പ്രാവശ്യം വീതം ചൊല്ലുക.

اللهم قني عذابك يوم تبعث عبادك

അല്ലാഹുവേ, നിന്റെ അടിമകളെ നീ പുനരുജ്ജീവിപ്പിക്കുന്ന ദിവസത്തെ ശിക്ഷയിൽ നിന്നും എന്നെ നീ കാക്കേണമേ.

അവസാനമായി ഈ ദുആ ചൊല്ലുക:

اللهم أسلمت نفسي إليك، ووجهت وجهي
إليك، وفوضت أمري إليك، وألجأت ظهري
إليك، رغبة ورهبة إليك، لا ملجأ ولا منجى

منك إلا إليك، آمنت بكتابك الذي أنزلت، ونبيك الذي أرسلت،

അല്ലാഹുവേ, എന്റെ ആത്മാവിനെ നിന്നിലേക്കു ഞാൻ സമർപ്പിച്ചിരിക്കുന്നു, എന്റെ മുഖത്തെ നിന്നിലേക്കു ഞാൻ തിരിച്ചിരിക്കുന്നു, എന്റെ എല്ലാകാര്യങ്ങളും ഞാൻ നിന്നെ ഏൽപിച്ചിരിക്കുന്നു, എന്റെ മുതുകിനെ ഞാൻ നിന്നിലേക്കു ചേർത്തിയിരിക്കുന്നു, നിന്റെ അനുഗ്രഹത്തെ ആഗ്രഹിച്ചും ശിക്ഷയെ ഭയന്നും കൊണ്ട്. നിന്നിൽ നിന്നും ഒരഭയസ്ഥാനമോ രക്ഷാസ്ഥാനമോ ഇല്ല, നീയല്ലാതെ, നീ ഇറക്കിയ ഗ്രന്ഥത്തിലും നീ നിയോഗിച്ച പ്രവാചകനിലും ഞാൻ വിശ്വസിച്ചിരിക്കുന്നു.

സ്വപ്നം കണ്ടാൽ:

നബി ﷺ പറഞ്ഞു: നല്ലസ്വപ്നങ്ങൾ അല്ലാഹുവിൽ നിന്നും ചീത്തസ്വപ്നങ്ങൾ പിശാചിൽ നിന്നുമാകുന്നു. ആരെങ്കിലും താൻ ഇഷ്ടപ്പെട്ട സ്വപ്നം കണ്ടാൽ അത് അവൻ ഇഷ്ടപ്പെടുന്നവരോട് മാത്രമേ പറയാവൂ. വെറുക്കുന്ന സ്വപ്നമാണ് കണ്ടതെങ്കിൽ അവൻ:

൧-മൂന്നു പ്രാവശ്യം ഇടതു വശത്തേക്ക് തുപ്പുക.
൨-പിശാചിൽനിന്നും അവൻകണ്ട സ്വപ്നത്തിൽ നിന്നും അല്ലാഹുവിനോട് മൂന്ന് തവണ കാവലിനെ തേടുക.
൩-അത് ആരോടും പറയാതിരിക്കുക.
൪-അവൻ മറെറ എതിർവശത്തേക്ക് തിരിഞ്ഞു കിടക്കുക.
൫-അവൻ ഉദ്ദേശിക്കുന്നുവെങ്കിൽ എഴുന്നേറ്റ് നമസ്കരിക്കുക.

## ഉറക്കിൽ നിന്ന് ഉണരുമ്പോൾ:

الحمد لله الذي أحيانا بعد ما أماتنا و إليه النشور

ഞങ്ങളെ മരിപ്പിച്ചതിനു ശേഷം ജീവിപ്പിച്ച അല്ലാഹുവിനാകുന്നു സർവ്വസ്തുതിയും. അവനിലേക്കു തന്നെയാണ് ഒരുമിച്ചു കൂട്ടപ്പെടുന്നതും.

*ഇതൊരു സത്കർമ്മമായി അല്ലാഹു സ്വീകരിക്കട്ടെ.*

وصلى الله وسلم وبارك على نبينا محمد وعلى آله وصحبه أجمعين ، والحمد لله رب العالمين.

مليالم

# كتاب الأذكار

Cooperative office for Call & foreigners Guidance at

ردمك: ٨ - ٣٩ - ٨١٢ - ٩٩٦٠

المكتب التعاوني للدعوة والإرشاد وتوعية الجاليات بسلطانة

تحت إشراف وزارة الشؤون الإسلامية والأوقاف والدعوة والإرشاد